**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2308** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഹോമിയോ ഫാർമസിസ്റ്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോമിയോപ്പതി വകുപ്പിലെ ഡിസ്പെൻസറികൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള മുഴുവൻ സ്ഥാപനങ്ങളിലും നിശ്ചിത യോഗ്യതയുള്ള ഫാർമസിസ്റ്റുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ഹോമിയോപ്പതി വകുപ്പിലെ ഡിസ്പെൻസറികൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള 743 സ്ഥാപനങ്ങളിലായി 603 ഫാർമസിസ്റ്റ് തസ്തികകളുണ്ട്. ആയതിൽ 42 തസ്തികകളിൽ ഒഴിവ് നിലവിലുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഹോമിയോ ഫാർമസിസ്റ്റുകൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഹോമിയോ ഫാർമസിസ്റ്റ് തസ്തികകൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ പരിശീലനം ലഭിച്ച ഡിസ്പെൻസർ വിഭാഗത്തിൽപ്പെട്ട ജീവനക്കാരാണ് മരുന്ന് വിതരണം ചെയ്യുന്നത്. റെഗുലർ ഫാർമസിസ്റ്റ്/ഡിസ്പെൻസർ ഇല്ലാത്ത സ്ഥാപനങ്ങളിൽ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. പുതുതായി ഹോമിയോ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നത് തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ